തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നടന്ന സംഭവങ്ങൾ

24 (1060) ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. എം. ഉമ്മർ :
ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നടന്ന സംഭവങ്ങളുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയ യുവജന കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പ്രധാന ശിപാർശകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) കോളേജിൽ അച്ചടക്കവും സമാധാനവും നിലനിർത്താൻ ശ്രമിക്കുന്ന അദ്ധ്യാപകരെ ഭീഷണിപ്പെടുത്തുന്ന സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഭീഷണിമൂലം പ്രിൻസിപ്പലിനുപോലും അവധിയിൽ പോകേണ്ടിവന്നിട്ടുണ്ടോ ;

(സി) ഗുരുതര ക്രമസമാധാന പ്രശ്നവും ക്രിമിനൽ പ്രവർത്തനങ്ങളും ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ അവ ആവർത്തിക്കാതിരിക്കാനും കുറ്റവാളികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാനും ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്. ശിപാർശ അനുബന്ധമായി ചേർക്കുന്നു.*

(ബി) കോളേജിലെ വിഷയങ്ങളിൽ ഇടപെട്ടതിന്റെ പേരിൽ പത്തോളം അദ്ധ്യാപകർക്ക് ഭീഷണിക്കത്ത് ലഭിച്ചതായും ഭീഷണികാരണമാണ് പ്രിൻസിപ്പാൾ ഡോ. ബീന അവധിയിൽ പോയതെന്നും കേരള സർവ്വകലാശാല സെനറ്റ് അംഗവും അന്വേഷണ കമ്മീഷൻ അംഗവുമായ ഡോ. സുരേഷ്. എ. കെ. (സൈക്കോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ) യുവജന കമ്മീഷൻ മുമ്പാകെ മൊഴി നൽകിയിട്ടുണ്ട്.

(സി) യുവജന കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly